പുരോഗമിച്ചുവരികയും ചെയ്യുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ വ്യവസ്ഥകൾ

195 (4998) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തിയ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ ഏതെല്ലാം വ്യവസ്ഥകൾ നാളിതുവരെ നടപ്പാക്കി എന്നും ഇനിയും നടപ്പാക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്താകമാനം എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു എന്നും ഇവയിലാകെ എത്ര നഴ്സുമാർ ഉൾപ്പെടെ മറ്റു ജീവനക്കാർ പ്രവർത്തിക്കുന്നു എന്നും ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇവർക്ക് ഇന്നു ലഭിക്കുന്ന വേതന നിരക്കുകൾ എത്രയെന്നും പല സ്വകാര്യ ആശുപത്രികളും സർക്കാർ നിർദ്ദേശിക്കുന്ന തുക നൽകുന്നില്ല എന്നതും വേതന തുക ബാങ്കിൽ നിക്ഷേപിക്കുകയും സ്വകാര്യ ആശുപത്രികൾ തീരുമാനിക്കുന്ന നിരക്ക് കഴിഞ്ഞ് ബാക്കി ഭാഗം തിരികെ വാങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെ മറ്റു ജീവനക്കാർ ഇത്തരം വിഷയങ്ങളിൽ പ്രതികരിച്ചാൽ അവർക്ക് ജോലി നഷ്ടപ്പെടുന്നതു തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്നും അവരുടെ ജോലിസ്ഥിരതയും സർക്കാർ നിർദ്ദേശിച്ച ശമ്പളവും ഉറപ്പുവരുത്താനും എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശിപാർശകൾ പ്രധാനമായും നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ആശുപത്രി വ്യവസായ രംഗത്തെ വേതന പരിഷ്കരണം, ആശുപത്രി ജീവനക്കാരുടെ ജോലി സമയം, ഷിഫ്റ്റ് എന്നിവ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങളാണ് 28-5-2012-ലെ സ.ഉ. (സാധാ) നമ്പർ 799/12/തൊഴിൽ പ്രകാരം രൂപീകരിച്ച ത്രികക്ഷി സമിതിയായ സ്വകാര്യ ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ ബന്ധസമിതി നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ടി കമ്മീഷന്റെ ശിപാർശകൾ പരിശോധിക്കുകയും ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി പരിഗണിക്കുകയും ചർച്ചകളിലൂടെ വേതന പരിഷ്കരണം സംബന്ധിച്ച് അഭിപ്രായ സമന്വയത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ച് 5-11-2013-ലെ സ.ഉ. (എം.എസ്) നമ്പർ 135/2013/തൊഴിൽ പ്രകാരം പുതിയ വേതന നിരക്കുകൾ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഈ വേതന നിരക്ക് ജീവനക്കാർക്ക് ഉറപ്പുവരുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ബലരാമൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കുന്നത് പ്രകാരമുള്ള ഷിഫ്റ്റ് സമ്പ്രദായം, നഴ്സുമാരുടെ ജോലി സമയം എന്നിവയെ കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ച ശ്രീ. വി. വീരകുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് ആശുപത്രി വ്യവസായ ബന്ധസമിതി ചർച്ച നടത്തി വരികയുമാണ്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി &ഡി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം 5-11-2013-ലെ സ.ഉ. (എം.എസ്) നം. 135/2013/തൊഴിൽ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ വിവിധ വിഭാഗം ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ ടി വിജ്ഞാപനത്തിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പ്രകാരമുള്ള മിനിമം വേതനം ടി മേഖലയിലെ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്.

2015 ജനുവരി മുതൽ മെയ് വരെ നടത്തിയ പരിശോധനയിൽ മിനിമം വേതനം നടപ്പിലാക്കാത്ത 30 സ്വകാര്യ ആശുപത്രികൾക്കെതിരെ 1,49,54,800 രൂപയുടെ (ഒരു കോടി നാൽപ്പത്തിയൊമ്പത് ലക്ഷത്തി അമ്പത്തിനാലായിരത്തി എണ്ണൂറ് രൂപ മാത്രം) ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത് കൂടാതെ സ്വാകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമംവേതനം ഉറപ്പുവരുത്തുന്നതിനും വേതനം ബാങ്ക് മുഖേന ലഭ്യമാക്കുന്നതിനും വേതന സ്ലിപ്പ് ഓൺലൈൻ മുഖേന ലഭിക്കുന്നതിനും 'വേതന സുരക്ഷാ പദ്ധതി' നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഇതുവഴി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമംവേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭിക്കുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കാം. ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനും കഴിയും.

വേതന തുക ബാങ്കിൽ നിക്ഷേപിച്ചശേഷം ആശുപത്രി മാനേജ്മെന്റുകൾ നിശ്ചയിക്കുന്ന തുകയിൽ കൂടുതലുള്ള ഭാഗം തൊഴിലാളികളിൽ നിന്ന് തിരികെ വാങ്ങുന്നതായോ അത്തരത്തിലുള്ള പരാതികളോ ഇതുവരെ ലഭിച്ചിട്ടില്ല എന്നിരുന്നാലും സ്ക്വാഡ് പരിശോധനാ വേളകളിൽ ഇത്തരം സംഭവങ്ങൾ നടക്കുന്നില്ലായെന്ന് തൊഴിലാളികളോട് നേരിട്ടും രജിസ്റ്ററുകൾ പരിശോധിച്ചും ഉറപ്പ് വരുത്താറുണ്ട്.

ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒഴിവുകൾ

196 (4999) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ട് ;

(ബി) ഈ തസ്തികയിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള എത്ര ശൂന്യവേതനാവധികൾ നിലവിലുണ്ട് ;

(സി) ഈ തസ്തികയ്ക്കായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽനിന്നും എത്ര നിയമനം നടന്നു ;

(ഡി) ഇനി എത്രപേരെ ഈ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ 70 ട്രേഡുകളിലായി നിലവിൽ 370 ഒഴിവുകളുണ്ട്.

(ബി) വ്യവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലുള്ള പത്ത് ഉദ്യോഗസ്ഥർ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള ശൂന്യവേതനാവധി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly